# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/115/2018 2018 മെയ് 31

## പത്രക്കുറിപ്പ്

### എം.ജി.യിൽ ഇന്നു മുതൽ (ജൂൺ 1) മൈഗ്രേഷൻ സർട്ടിഫിക്കറ്റുകളും ഓൺലൈനിൽ

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ഓൺലൈൻ സേവനങ്ങളായ ഓൺലൈൻ ഫീസ്, എലിജിബിലറ്റി, ഇക്വലൻസി സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്ക് പുറമെ ആറോളം സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഇനി മുതൽ ബഡ്ജറ്റ് മോണിറ്ററിംഗിന്റെ ഭാഗമായി ഇന്നു മുതൽ (ജൂൺ 1) ഓൺലൈനിൽ ലഭ്യമാക്കും. ലോകത്തിന്റെ ഏതു കോണിൽനിന്നും അപേക്ഷിക്കുവാനും അപേക്ഷയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി നൽകുന്ന സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാനും, ലഭിച്ച സർട്ടിഫിക്കറ്റ് ഒറിജിനൽ ആണോ എന്ന് പരിശോധിക്കുവാനുമുള്ള ഓൺലൈൻ സംവിധാനമാണ് ഒരുങ്ങിയിരിക്കുന്നത്. മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ, മെട്രിക്കുലേഷൻ, റെക്കൊഗ്നിഷൻ, കോളേജ് ട്രാൻസ്ഫർ, എൻ.എസ്.എസ്. അഡ്മിഷൻ മുതൽ ഗ്രേസ് മാർക്ക് ദാനം വരെ എന്നീ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ മുഖേന ലഭ്യമാകും. ഇതിലൂടെ സർവ്വകലാശാല കൂടുതൽ വിദ്യാർത്ഥി സൗഹൃദവും, ഓഫീസ് പ്രവർത്തനങ്ങളിൽ കൂടുതൽ കൃത്യതയും വേഗതയും ആർജ്ജിക്കുമെന്നും വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു.

2018-19 ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഈ ഓൺലൈൻ സേവനങ്ങൾ ആരംഭിക്കുന്നത്. അടുത്ത മൂന്നുമാസത്തിനുള്ളിൽ എല്ലാ സർട്ടിഫിക്കറ്റുകളും പൂർണ്ണമായും ഓൺലൈനിൽ ലഭ്യമാകുമെന്ന് ഫിനാൻസ് കമ്മിറ്റി കൺവീനർ ഡോ. കെ. ഷെറഫുദ്ദീൻ അറിയിച്ചു. ഇതുമൂലം വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയിലെത്താതെ തന്നെ എസ്.എം.എസിലൂടെ അപേക്ഷകളുടെ പുരോഗതി അറിയുവാൻ സാധിക്കും. വിവിധ സെക്ഷനുകളിലെ അപേക്ഷാപരിശോധനയ്ക്ക് എടുക്കുന്ന കാലതാമസവും ഇതിലൂടെ പരിഹരിക്കാനാവും. എൻ.എസ്.എസിന്റെ ഭാഗമായി ബ്ലഡ് ഡോണേഴ്സ് ഫോറം എന്ന പുതിയ ഒരു ഓൺലൈൻ സേവനവും പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

### ബി.ടെക് ലാബ് പരീക്ഷ

ബി.ടെക് ഡിഗ്രി പരീക്ഷ ജൂൺ 2018ന്റെ ലാബ് പരീക്ഷകൾ ജൂൺ 1 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിലും പരീക്ഷാകേന്ദ്രങ്ങളിലും ലഭ്യമാണ്.

### പ്രാക്ടിക്കൽ

2018 മെയ് മാസം തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്.) സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷയുടെ കഥകളി - ചെണ്ട, മദ്ദളം പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 5 മുതൽ 7 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2018 ഏപ്രിൽ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. മോളിക്യുലർ ബയോളജി ആന്റ് ജെനറ്റിക് എഞ്ചിനീയറിംഗ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 14 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ്, ബി.കോം എൽ.എൽ.ബി. ഓണേഴ്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 14 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**